ദേശാഭിമാനി

25 September 2017

# മട്ടുപ്പാവിൽ പഴത്തോട്ടം: തൈ വിൽപ്പന നാളെമുതൽ

കൊച്ചി > വിഷരഹിത പഴവർഗങ്ങളുടെ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് 'മട്ടുപ്പാവിൽ പഴത്തോട്ടം' പദ്ധതിയുമായി എറണാകുളം കൃഷി വിജ്ഞാനകേന്ദ്രം. പഴത്തോട്ടം ഒരുക്കൽ പരിചയപ്പെടുത്തുകയും സാങ്കേതികസഹായങ്ങളും ഫലവൃക്ഷത്തൈകളും ലഭ്യമാക്കുകയും ചെയ്യും. സിഎംഎഫ്ആർഐയുടെ സഹായവുമുണ്ട്.



► കൃഷി വിജ്ഞാനകേന്ദ്രം നിർമിച്ച മട്ടുപ്പാവിലെ കൃഷിത്തോട്ടം

ഇതിന്റെ ഭാഗമായി രണ്ടുദിവസത്തെ കൃഷി സാങ്കേതിക വിദ്യാ പ്രദർശനവും ഫലവൃക്ഷത്തൈ വിപണനമേളയും ചൊവ്വ, ബുധൻ ദിവസങ്ങളിൽ സിഎംഎഫ്ആർഐയിൽ നടക്കും. വിജയം കൈവരിച്ച ജൈവകർഷകർ അനുഭവങ്ങൾ പങ്കുവയ്ക്കും.

മട്ടുപ്പാവിൽ ചട്ടിയിൽ വളർത്തുന്ന, വേഗത്തിൽ കായ്ക്കുന്നതും ഗുണമേൻമയുള്ളതുമായ ഫലവൃക്ഷങ്ങളുടെ തൈകൾ മേളയിലുണ്ടാകും. മാവ്, പ്ലാവ്, പേര, വിവിധയിനം ചാമ്പ, പലതരം നാരകം, നെല്ലി, ഞാവൽ, സപ്പോട്ട, മാതളം, സീതപ്പഴം, ചെറി, പാഷൻ ഫ്രൂട്ട് തുടങ്ങിയവയുടെ തൈകൾ ലഭ്യമാകും. കൃഷിരീതികൾ പരിചയപ്പെടുത്തുന്ന വീഡിയോപ്രദർശനം, വിദഗ്ധരുമായുള്ള സംവാദം എന്നിവയുമുണ്ടാകും.

സാധ്യമായ എല്ലാ വീടുകളുടെയും മട്ടുപ്പാവിൽ പഴത്തോട്ടം യാഥാർഥ്യമാക്കുകയാണ് ലക്ഷ്യമെന്ന് കെവികെ മേധാവി ഡോ. ഷിനോജ് സുബ്രഹ്മണ്യൻ പറഞ്ഞു.